



# Weekend Bulletin

## Knanaya Catholic Mission, Chicago

May 28, 2006, Vol. 1, Issue 35

www.knanayamission.org/chicago/bulletin.htm


# തിരുനാൾ ആശംസകൾ!





Reception to Archbishop Mar Kuriakose Kunnacherry and Rev. Dr. Thomas Kottoor at O'hare Airport





Recipients of Perfect Attendance Award at Addison (top) and OLV Chicago.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254 / (773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
Sunny Thekkeparambil
**Addison**: James Manjankal
Baby Karikkal

**SECRETARY & PRO**
George Thottappuram

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
Secretary: Anna Kulangara
**Addison**: Tonny Pullappally
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
Addison: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
Chicago: Tito Kandarappally
Lissy Thottapuram
Addison: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
Chicago: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**YOUNG ADULT MINISTRY**
Saju Palakunnel, Falix Chemmachel
Sona Keezhangattu

**ADULT MINISTRY**
Jose Thazhathuvettathu

**WOMEN MINISTRY**
Mercy Idiyalil, Gracy Vachachira

**SENIOR CITIZENS MINISTRY**
Joy Choottuvelil, Joy Nediyakalayil

**BETTER FAMILY MOVEMENT**
Joy Chemmachel

### SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.

### SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

### NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

### NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**June 2006**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

## Schedule of Events

SATURDAY, MAY 27, 2006
No service today at Addison
FEAST OF THE MOST SACRED HEART at 5:30 P.M. at Thaft High School Auditorium, Chicago.
Programs: Ladinge, Vespara, Homily, Prasudenty Vazhcha, Kaplon Vazhcha, Variety Entertainments.

SUNDAY, MAY 28, 2006
SOLEM FEAST OF THE MOST SACRED HEART at 3:00 P.M. at Addison Church.
Programs: Adima vackal, Ladinge, Solemn Mass, Homily, Procession, Lelam.
No service today at OLV Chicago.

TUESDAY, MAY 30, 2006
Theology Class by Rev. Dr. Thomas Kottoor and meet with MAR KURIKOSE KUNNACHERRY at Community Center at 6:30 P.M.

THURSDAY, JUNE 1, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, JUNE 3, 2006 (FEAST OF PENTACOST – Sleeha kalam)
Senior Citizens Meeting at Community Center AT 9:30 A.M. with MAR KURIA-KOSE KUNNACHERRY
Better Family Movement meeting at 10:30 A.M. at Community Center with MAR KUNNACHERRY
Family Commission meeting at 11:30 A.M. at Community Center with MAR KUNNACHERRY
No Holy Mass and Novena at Addison today.

SUNDAY, JUNE 4, 2006 (FEAST OF PENTACOST – Sleeha kalam)
Holy Mass at OLV Church Upper level at 5:30 P.M.

THURSDAY, JUNE 8, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, JUNE 10, 2006 (FEAST OF HOLY TRINITY)
Common Baptism with Mass at Addison at 5:00 P.M.

SUNDAY, JUNE 11, 2006 (FEAST OF HOLY TRINITY)
Holy Mass at OLV Church Upper level at 5:30 P.M.

# MISSION DIRECTOR'S COLUMN

## വി. പത്താം പിയൂസ് മുതൽ തിരുഹൃദയം വരെ



ക്നാനായ കത്തോലിക്കർക്ക് സ്വന്തമായൊരു രൂപത അനുവദിച്ച വി. പത്താം പിയൂസിൻെറ തിരുന്നാൾ 2004 ആഗസ്റ്റ് എട്ടിന് ആഘോഷിച്ചുകൊണ്ടാണ് നാം ചിക്കാഗോയിൽ തിരുന്നാളാഘോഷങ്ങൾക്കു തുടക്കം കുറിച്ചത്. തുടർന്ന് 2005 മെയ് മാസത്തിൽ വി. മിഖായേൽ റേശ് മാലാഖായുടെയും ആഗസ്റ്റിൽ വി. എസ്തപ്പാനോസ് സഹദായുടെയും തിരുന്നാളുകൾ നാം ആഘോഷിച്ചു. കോട്ടയം അതിരൂപത സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈശോയുടെ തിരുഹൃദയ തിരുന്നാളാണ് നാമിപ്പോൾ ആഘോഷിക്കുന്നത്.

ഓരോ തിരുന്നാളിലും വിശുദ്ധരുടെ മാദ്ധ്യസ്ഥം വഴി നാം ദൈവത്തോടപേക്ഷിച്ചത് നമ്മുടെ സാമുദായിക പ്രശ്നങ്ങൾ പരിഹരിച്ച് നമ്മിൽ സമാധാനവും ഐക്യവും ആത്മീയ വളർച്ചയും ഉണ്ടാകുവാനാണ്. പടിപടിയായി ദൈവം നമുക്കതു തരുന്നുവെന്നത് നാം നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മിഷനിലൂടെ അജപാലനരംഗത്ത് നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം അത്ഭുതാവഹമാണെന്നു പലരും പറയുകയുണ്ടായി. മതപഠനം നടത്തുന്ന നമ്മുടെ കുട്ടികൾ തമ്മിലുണ്ടായ അടുപ്പം, അവരുടെ ആത്മീയ ഉണർവ്വ്, സമുദായ സ്നേഹം എന്നിവയ്ക്ക് വേദപാഠ പരിശീലനവും ഭക്തസംഘടനകളും ഏറെ സഹായിച്ചു. വ്യത്യസ്ഥ ധ്രുവങ്ങളിൽ നിന്നിരുന്നവർ തിരുന്നാളാഘോഷങ്ങൾ വഴി ഒന്നിച്ചു പ്രവർത്തിക്കുവാനിടയായി. അത്മീയ ശൂന്യത നികത്തുന്ന ധ്യാനങ്ങളും സെമിനാറുകളും വഴി നാം സഭാപരമായ അറിവും ദൈവികാനുഭവവും സ്വായത്തമാക്കി. വിവിധ പ്രായക്കാരുടെ മിനിസ്ട്രികൾ വഴി സമുദായത്തിലെ സമ പ്രായക്കാർ കൂടുതൽ അടുക്കുവാനും ആശയ വിനിമയം നടത്തുവാനും തുടങ്ങി. വിമൻസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ അത്ഭുതകരമായി പുരോഗമിക്കുന്നു.

തിരുന്നാളുകൾ വഴി വന്ന വലിയ ദൈവാനുഗ്രഹമാണ് നമ്മുടെ സ്വന്തമായ റീജിയണും ദൈവാലയവും. കൂടാരങ്ങൾ മാറി മാറി സ്ഥാപിച്ച് മരുഭൂമിയിലൂടെ അലഞ്ഞു നടന്ന ഇസ്രായേൽക്കാർ വാഗ്ദത്ത ഭൂമിയിലെത്തി ജറുസലേം ദൈവാലയം സ്ഥാപിച്ച് അതിൽ കേന്ദ്രീകൃതമായി വളർന്നതുപോലെ ഇതാ ദൈവം നമുക്കു സ്വന്തമായൊരു റീജിയൺ തന്ന് അതിന് ആസ്ഥാന മന്ദിരം ഉൾപ്പെടെ ചിക്കാഗോ ക്നാനായക്കാരുടെ പൊതു ആരാധനാലയം വരെ നല്കുകയാണ്. ഈ സംവിധാനങ്ങൾ രണ്ടും നമ്മുടെ അജപാലന വളർച്ചയ്ക്കുള്ള അടിസ്ഥാന ഘടകങ്ങളാണ്. അവയ്ക്ക് വി. പത്താം പിയൂസിനോടും വി. മിഖായേൽ റേശ് മാലാഖായോടും വി. എസ്തപ്പാനോസിനോടും ഈശോയുടെ തിരുഹൃദയത്തോടും നമുക്കു നന്ദിയർപ്പിക്കാം. തിരുന്നാളുകൾക്കു പ്രസുദേന്തിമാരായ ശ്രീ. പീറ്റർ കുളങ്ങര, നീണ്ടൂരിൽ നിന്നുള്ള ചിക്കാഗോക്കാർ, ശ്രീ. മാത്യു പൂത്തുറ, തിരുഹൃദയക്കുന്ന് ഇടവകയിൽ നിന്നുള്ള ചിക്കാഗോക്കാർ എന്നിവരോടുള്ള സ്നേഹവും കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തട്ടെ.

നമുക്കുനിയും ബഹുദൂരം സഞ്ചരിക്കുവാനുണ്ട്. പ്രതിബന്ധങ്ങളിൽ തട്ടി നിഷ്ക്രിയരാകാതെ, പ്രലോഭനങ്ങളിൽ ഉൾപ്പെട്ട് വഴി തെറ്റാതെ, നമുക്ക് ഈശോയോടൊത്ത് ത്യാഗോജ്ജ്വല സേവനത്തിലൂടെ ദൈവത്തിലേക്കു നീങ്ങാം. ജറുസലേം ദൈവാലയ നിർമ്മാണത്തിൽ ആവേശത്തോടെ പങ്കുചേർന്ന ഇസ്രായേൽക്കാരെപ്പോലെ, ഇടവക ദൈവാലയത്തിനായി ശ്രമദാനവും പണവും ഇല്ലായ്മയിൽനിന്ന് ഏറെ നല്കിയ നമ്മുടെ പൂർവ്വികരെപ്പോലെ നമുക്കും നമ്മുടെ ദൈവാലയത്തിനായി വീകഷ്ണ വ്യത്യാസം മറന്ന് ഒത്തുചേരാം.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## ദൈവാലയം ഉടൻ സ്വന്തമാകും



***നാം ദൈവാലയം വാങ്ങുവാനുദ്ദേശിക്കുന്ന സഭയുമായുണ്ടാക്കിയ ധാരണയനുസരിച്ച് ജൂലൈ ഒന്നു മുതൽ നമുക്കു ദൈവാലയം സ്വന്തമാകും. ജൂലൈ 15 ന് നാലുമണിക്ക് ദൈവാലയ കൂദാശ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ജൂൺ 15ന് മുഴുവൻ തുകയുമടച്ച് കെട്ടിടം വാങ്ങേണ്ടതിനാൽ എല്ലാവരും പരമാവധി പണം എത്രയും വേഗം നല്കി സഹകരിക്കുമല്ലോ.***

***എന്ന് മിഷൻ ഡയറക്ടർ***

## സീനിയർ സിറ്റിസൺസിന്
## മാർ കുന്നാശ്ശേരി പിതാവുമായി ചർച്ച

***മിഷൻെറ സീനിയർ സിറ്റിസൺസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സീനിയർ സിറ്റിസൺസും നമ്മുടെ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവുമായി സംഭാഷണം നടത്തുന്നതിന് അവസരമൊരുക്കുന്നു. ജൂൺ മൂന്നു ശനിയാഴ്ച രാവിലെ 9:30ന് കമ്മ്യൂണിറ്റി സെൻററിൽ വച്ചായിരിക്കും സമ്മേളനം. അതിലേക്ക് 60 വയസ്സുമുതൽ പ്രായമുള്ള എല്ലാ ക്നാനായക്കാരെയും ക്ഷണിക്കുന്നു.***

## Weekly Collections

| | |
|---|---|
| May 20th Collection at Addison | 385.00 |
| May 21st Collection at OLV Chicago | 468.25 |
| Mother's Day—Women Ministry at Addison | 401.00 |
| Total Mothers' Day Contribution | 12,192.15 |
| Balance in Church Building Fund | 454,158.97 |

Thank you for your support.

## നുറുങ്ങുവെട്ടം

**ബാങ്കിൽ നിക്ഷേപം സൂക്ഷിച്ചുകൊണ്ട് ഭിക്ഷാടനം നടത്തുന്നത് അഭിമാനകരമോ? സ്വന്തം ദൈവാലയം നമ്മുടെയും മക്കളുടെയും അഭിമാനമുയർത്തും.**



# ദൈവാലയം നമുക്ക് ഒരുമയോടെ യാഥാർത്ഥ്യമാക്കണം

ക്നാനായ സമുദായം എ.ഡി. 345ൽ ആരംഭിച്ച കുടിയേറ്റ പ്രവണത, ഇന്നും ലോകത്തിൻെറ വിവിധ പ്രദേശങ്ങളിലേക്കായി ശക്തമായി തുടർന്നു കൊണ്ടിരിക്കുന്നു. ഈ കുടിയേറ്റങ്ങളിലൂടെ ഉണ്ടായ അഭിവൃത്തിയാണ് ഇന്നത്തെ നമ്മുടെ സമുദായത്തിൻെറ സമ്പത്ത്. ഈ ജനത ഇന്നും ബന്ധങ്ങളിൽ വേർപെടലുകൾ ഇല്ലാതെ, ലോകമെമ്പാടുമുള്ളവർ പരസ്പരം ഐക്യത്തിലും സഹകരണത്തിലും മുന്നോട്ടു പോകുന്നു. ഈ സവിശേഷത തന്നെ നമ്മുടെ മുഖമുദ്രയും.

***സംഭവ ബഹുലങ്ങളായ ക്നാനായ കുടിയേറ്റങ്ങളുടെ എല്ലാം ആദ്യ ലക്ഷ്യം, തങ്ങൾ ആയിരിക്കുന്ന പ്രദേശത്ത് ആരാധാനാലയം എന്നതായിരുന്നു. അത് യാഥാർത്ഥ്യമാക്കിയിട്ടുള്ള പാരമ്പര്യമാണ് നമുക്കുള്ളതും.*** വളരെ വർഷങ്ങൾക്കു ശേഷമാണെങ്കിലും വടക്കേ അമേരിക്കയിലെ ക്നാനായ സമുദായത്തിൻെറ സിരാ കേന്ദ്രമായ ഷിക്കാഗോയിൽ ഒരു ദേവാലയമെന്ന ലക്ഷ്യം കൈയ്യെത്തും ദൂരത്ത് എത്തി നിൽക്കുകയാണ്. അത് കൈപ്പിടിയിൽ എത്തിക്കുക എന്ന ദൗത്യം ഏറ്റെടുക്കേണ്ടിയ സമയം ആസന്നമായിരിക്കുന്നു. നാം ഒറ്റക്കെട്ടായി ഉണർന്നു പ്രവർത്തിക്കേണ്ട അവസരമാണിത്. ഇവിടെ നമ്മുടെ തനത് മൂല്യമായ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും നാം ഐക്യദാർഢ്യമുള്ളവരാണ് എന്നുള്ള വസ്തുത മറക്കാൻ പാടില്ല.

സഭയേയും സമുദായത്തേയും ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ജനതയുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങൾ സ്വഭാവികം. ഒരേ ആശയത്തിലേക്ക് അഥവാ ലക്ഷ്യത്തിലേക്ക് നീങ്ങേണ്ട അവസരങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഒരിക്കലും നാം തടസ്സങ്ങളായി കണ്ടിരുന്നില്ല.

ചിക്കാഗോയിലെ തൻെറ ജനതക്ക് സ്വന്തമായ ദൈവാലയം എന്ന ഒരേ ചിന്തയുമായി മുന്നോട്ടു പോകുന്ന മുത്തോലത്തച്ചൻെറ നിശ്ചയദാർഢ്യം ശ്ലാഘനീയമാണ്. ഇത്തരം പൊതു ലക്ഷ്യങ്ങളുമായി മുന്നോട്ടു പോകുമ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ മറന്നുകൊണ്ട് മുഴുവനാളുകളും ഒറ്റക്കെട്ടായി സഹകരിച്ചു കഴിയുമ്പോൾ ലക്ഷ്യ പ്രാപ്തിയിലെത്തിയതിൻെറ സംതൃപ്തി അതിരു കവിഞ്ഞ അനുഭൂതിയായിരിക്കും.



സാജു കണ്ണമ്പള്ളി

ഈ സംരംഭം യാഥാർത്ഥ്യമാവുമ്പോൾ ഏവരുടേയും സഹകരണവും സംഭാവനയും നാം ഉറപ്പു വരുത്തേണ്ടതുണ്ട്. ദൈവത്തിനു മുമ്പിൽ വിധവയുടെ കൊച്ചുകാശിന് എത്ര മാത്രം പ്രാധാന്യം ഉണ്ട് എന്നുള്ളത് നമുക്കറിയാം. അളവിലുപരി ഏവരുടേയും പങ്കാളിത്വം ഇവിടെ ഏറെ പ്രശംസ അർഹിക്കുന്നു.

***ഇൻഡ്യക്കു പുറത്ത് ക്നാനായക്കാർക്ക് ആദ്യമായി ലഭിക്കുവാൻ പോകുന്ന സ്വന്തമായ ദൈവാലയം യാഥാർത്ഥ്യമാകുമ്പോൾ ഞാനും അതിൽ പങ്കാളിയായല്ലോ എന്നോർത്ത് നമുക്കോരോരുത്തർക്കും അഭിമാനിക്കാനുള്ള അവസരം നമുക്ക് തന്നെ സൃഷ്ടിക്കാം.***



Graduating Religious Education Teachers from Addison with Mission Director Rev. Fr. Abraham Mutholath

# ആദ്ധ്യാത്മികതക്കായി ദാഹിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ

**ബിനോ മച്ചാനിക്കൽ M.S.W.**

കഴിഞ്ഞ മാർച്ച് മുപ്പത്തൊന്നാം തീയതി വൈകിട്ട് നമ്മുടെ കമ്മ്യൂണിറ്റി സെൻററിൽ വച്ച് കുട്ടികളുടെ ധ്യാനം നടക്കുകയുണ്ടായല്ലോ. ഒരു മണിക്കൂർ മാത്രം നീണ്ടു നിന്ന ആ ധ്യാനം കഴിഞ്ഞപ്പോൾ കുറേ കുട്ടികൾ ധ്യാനം നയിച്ച ഡോക്ടർ സിന്ധുവിൻെറ ചുറ്റും കൂടിനിന്ന് ചില പ്രാർത്ഥനകൾ അവർക്ക് എഴുതി കൊടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ആദ്ധ്യാത്മികതയെ വളരെ പുച്ഛത്തോടെയാണ് മിക്ക മാതാപിതാക്കളും കാണുന്നത്. ഒരുപാടു സമയവും പണവും കലാകായിക മത്സരങ്ങൾക്ക് ചിലവിടുമ്പോൾ സ്വന്തം മക്കളുടെ അടിസ്ഥാന ആവശ്യമായ ആദ്ധ്യാത്മിക പുരോഗതിക്ക് ആർക്കും സമയം ഇല്ല. സീറോ മലബാർ പള്ളിയിൽ എല്ലാ വർഷവും കുട്ടികൾക്ക് ബൈബിൾ ക്ലാസ്സുകൾ നടത്താറുണ്ട്. മുന്നൂറിൽ അധികം കുട്ടികൾ അതിൽ പങ്കെടുക്കും. ഇവിടെ ഒരു മണിക്കൂർ അധികം ചില നല്ല പരിപാടികൾ നടത്തുവാൻ ശ്രമിക്കുമ്പോൾ സംഘാടകർ മാതാപിതാക്കളുടെ വിമർശനത്തിനു വിധേയരാകുന്നുണ്ട്.

ഓരോ കുഞ്ഞും ജനിക്കുന്നത് വളരെ നിഷ്ക്കളങ്കരായിട്ടാണ്. പിന്നീട് അവർക്കു ലഭിക്കുന്ന അനുഭവങ്ങളും സാഹചര്യങ്ങളുമാണ് അവരെ ഉന്നതരും താണവരുമാക്കിതീർക്കുന്നത്. നമ്മുടെ സമുദായത്തിൻെറ പുരോഗതി നമ്മൾ വിലയിരുത്തുമ്പോൾ മിക്ക മാതാപിതാക്കളും അവരുടെ പരാജയം സമ്മതിക്കുവാൻ തയ്യാറാവുന്നുണ്ട്.




ചെടി വളരണമെങ്കിൽ അടിസ്ഥാന മൂലകങ്ങളായ സൂര്യ പ്രകാശം, മണ്ണ്, വെള്ളം, വളം എല്ലാം ഒത്തുകൂടിയെങ്കിലെ അത് ശരിയായ തോതിൽ വളർന്ന് ഫലം തരൂ. എൺപതുകളിൽ ഗൾഫ് മലയാളികൾ പണത്തിനു പ്രാധാന്യം നൽകി സൗകര്യത്തിനായി മക്കളെ ഏറ്റവും വലിയ ഇംഗ്ലീഷ് മീഡിയം ബോർഡിംഗ് സ്കൂളുകളിൽ വിട്ടത് പിന്നീട് ഗുണത്തേക്കാൾ ദോഷകരമായിത്തീർന്നത് നമുക്കേവർക്കും അറിവുള്ളതാണല്ലോ.

കുട്ടിയുടെ വ്യക്തിത്വം വികസിക്കുന്നത് ജന്മം കൊടുക്കുന്ന നിമിഷം മുതൽ അഞ്ചു വർഷം വരെയുള്ള കാലഘട്ടത്തിലാണ്. പലപ്പോഴും മാതാപിതാക്കന്മാർ സാമ്പത്തിക ലാഭം മുൻ നിർത്തി കുട്ടികളെ വളർത്താനായി നാട്ടിൽ വിടുന്നതും മറ്റുള്ളവരെ ഏൽപിക്കുന്നതും കൂട്ടിയാൽ പിന്നീട് മാനസികമായ വൈകല്ല്യങ്ങൾ ഉണ്ടാക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.

**കത്തോലിക്കാ സ്കൂളിൽ വിട്ടതുകൊണ്ടോ വേദപാഠത്തിനു കുട്ടിയെ വിട്ടതുകൊണ്ടോ മാതാപിതാക്കൾ അവരുടെ ആദ്ധ്യാത്മിക ഉത്തരവാദിത്വം തീർന്നു എന്നു കരുതരുത്. മക്കൾ നന്നാവണമെങ്കിൽ ആദ്യം ചെയ്യേണ്ടത് മാതാപിതാക്കൾ നന്നാവുകയാണ്. രണ്ടാമതു ചെയ്യേണ്ടത് കൂടുതൽ സമയം കുഞ്ഞുങ്ങളുടെ കൂടെ ചിലവഴിക്കുകയാണ്. സ്നേഹവും സമാധാനവും കുടുംബത്തിൽ കിട്ടാതെ വരുന്ന കുട്ടികളാണ് സ്നേഹം തേടി കുടുംബം വിട്ടുപോകുന്നത്. നല്ല ആദ്ധ്യാത്മിക അടിത്തറ പത്തു വയസ്സിനകം ഓരോ കുട്ടിയിലുമിട്ടാൽ അതു നിലനിൽക്കും. അല്ലാതെ കതിരേൽ കൊണ്ടുപോയി വളം വച്ചിട്ട് പ്രയോജനമില്ല.**

നമ്മുടെ നാട്ടിൽ വളരെ ശോഷിച്ചു നിന്ന ബി.ജെ.പി പാർട്ടി രാം ജന്മഭൂമി പ്രശ്നം ഉന്നയിച്ച് പിന്നീട് അധികാരത്തിൽ വന്നു. ഇവിടെയും ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ മാത്രം കണ്ടുകൊണ്ട് നമ്മുടെ ശരിയായ പാരമ്പര്യത്തെ ഇന്നു പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണ്. പലപ്പോഴും സ്വന്തം കുടുംബത്തിൽ നടത്താൻ പറ്റാത്ത കാര്യം എന്തിനു സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നു. എൻഡോഗമി നോക്കിയാണോ നമ്മൾ നമ്മുടെ മക്കളെ റെഗുലർ സ്കൂളിൽ വിടുന്നത്. പട്ടിക ജാതി വർഗ്ഗത്തിൽ പെട്ടവർക്ക് പുരോഗതിക്കായി സംവരണം കൊടുത്തിട്ടു പോലും ഇന്നും പുരോഗതിയില്ലാതെ കിടക്കുന്നു. സംവരണം നഷ്ടപ്പെട്ടു പോയ സവർണ്ണർ സർക്കാരിൻെറ ജോലി കിട്ടാതെ വന്നപ്പോൾ കച്ചവടം തുടങ്ങി വളരെ പുരോഗതി നേടി. അറിവിൻെറ അടിസ്ഥാനം ദൈവഭയമാണ്. ആദ്ധ്യാത്മികതയും ദൈവാനുഗ്രഹവും നമുക്ക് വില കൊടുത്ത് മേടിക്കാവുന്നതല്ല. ഓരോ ശിലയിലും ഒരു ശില്പം ഒളിഞ്ഞു കിടപ്പുണ്ട്. നമ്മുടെ ഭാവി നമ്മുടെ കുട്ടികളാണ്. നമ്മുടെ പൂർവ്വികർ നമുക്കു പകർന്നു തന്ന മൂല്ല്യങ്ങൾ നമ്മൾ പകർന്നു കൊടുക്കുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ 17 നൂറ്റാണ്ടിൻെറ പാരമ്പര്യം തകർക്കുകയാണ്.

**നമുക്ക് സ്വന്തമായി ദൈവാലയം ഇല്ലാത്തതിൻെറ ദൂഷ്യ ഫലങ്ങൾ നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. വളരെ ചുരുക്കം മാത്രം ഹൈന്ദവർ കോടികൾ മുടക്കി ഇവിടെ അവരുടെ ആരാധനാലയം പണിത് അവരുടെ തനിമയും പാരമ്പര്യങ്ങളും കാക്കുമ്പോൾ നമ്മൾ നമ്മുടെ പാരമ്പര്യം കാക്കുവാൻ വേണ്ടി അദ്ധ്വാനിക്കുവാൻ തയ്യാറാവുന്നില്ല.**

ആദ്യം നമുക്ക് ദൈവരാജ്യവും ദൈവനീതിയും അന്വേഷിക്കാം. ബാക്കിയെല്ലാം ദൈവം തരുമെന്ന് ഉറപ്പു തരുന്നുണ്ട്. ഇസ്രായേൽ ജനത്തെ ഫറവോയുടെ അടിമത്വത്തിൽ നിന്നും രക്ഷിച്ച ദൈവം നമ്മുടെ മക്കളെ അമേരിക്കൻ സംസ്ക്കാരത്തിൽ നുകരാതെ കാത്തുപരിപാലിക്കട്ടെ എന്നു പ്രാർത്ഥിക്കാം.



# ചിക്കാഗോ ക്നാനായ കാത്തലിക് മിഷനിൽ ഈശോയുടെ തിരുഹൃദയ തിരുനാൾ

www.knanayamission.org/feast

## പ്രോഗ്രാം

***മെയ് 27 ശനി***

***താഫ്റ്റ് ഹൈസ്കൂൾ ആഡിറ്റോറിയം***

(6545 W. Hurlbut St Chicago, IL 60631)

വൈകുന്നേരം

5:30 ലദീഞ്ഞ്, വേസ്പര: **റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ**
(Los Angeles, CA)

6:00 പ്രസംഗം: **റവ. ഡോ. ജോസ് പൂതൃക്കയിൽ OSH**
(Principal, St. Pius X College, Rajapuram)

6:20 പ്രസുദേന്തി വാഴ്ചയും കപ്ലോൻ വാഴ്ചയും

7:00 **ദൈവാലയ ഫണ്ട് റൈസിംഗ് പ്രോഗ്രാം:**
സ്വീകരിക്കുന്നത്: **മാർ കുര്യാക്കോസ് കുന്നശ്ശേരി**

7:30 **കലാസന്ധ്യ**

**1. ക്നാനായ കുടിയേറ്റ ബാലെ**

സംഗീത രചനയും സംവിധാനവും:
**റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ**

നൃത്ത സംവിധാനം:
**ആശാ ജോസഫ് & ചിന്നു തോട്ടം**

സംഘാടകർ:
**മേരി തോമസ് ആലുങ്കൽ & റ്റെസ്സാ തണ്ണിക്കരി**

**2. ഗ്രൂപ്പ് ഡാൻസ്**

**3. ഹാസ്യ നാടകം:**

**"ഹലോ ഡാർലിംഗ്"**

അവതരണം: **ചിക്കാഗോ ഐശ്വര്യാ തിയേറ്റേഴ്സ്**

രചനയും സംവിധാനവും: **കുരുവിള ഇടുക്കുതറ**

***മെയ് 28 ഞായർ***

***സെൻറ് ജോസഫ് ചർച്ച്, ആഡിസൺ***

(330 E. Fullerton Ave, Addison, IL 60101)

വൈകുന്നേരം

3:00 മുതൽ കഴുന്ന് എഴുന്നള്ളിക്കൽ, അടിമ വയ്ക്കൽ

4:00 ലദീഞ്ഞ്

4:10 പാട്ടുകുർബാന: **മാർ കുര്യാക്കോസ് കുന്നശ്ശേരി**
പ്രസംഗം: **റവ. ഡോ. തോമസ് കോട്ടൂർ**
(ചാൻസലർ, കോട്ടയം അതിരൂപത)

5:30 **പ്രദക്ഷിണം**
**ചെണ്ടമേളം:** Thunder Drums, Chicago.
**ബാൻഡ്മേളം:** Schiller School Drum Crops.

6:30 കഴുന്ന് എഴുന്നള്ളിക്കൽ, അടിമവയ്ക്കൽ, ലേലം



Graduating Religious Education Teachers from OLV Chicago with Mission Director Rev. Fr. Abraham Mutholath

READERS / LECTORS ഉയർപ്പു കാലം

| MAY 28 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Genesis 13:8-18 | Denny Pullappallil | NA |
| 2nd Reading | Romans 9:30 - 10:10 | Swapna Kannarathil | NA |
| JUNE 4 | | | |
| 1st Reading | Acts 2:1-11 | NA | TBA |
| 2nd Reading | Galatians 5:16-25 | NA | TBA |



***ദൈവാലയ നിർമ്മാണ ഫണ്ടിനുവേണ്ടി***

***മിഷൻെറ വിമൻ മിനിസ്റ്റ്രി സംഘടിപ്പിക്കുന്ന അപൂർവ്വ കലാസന്ധ്യ***



റവ. ഡോ. പോൾ പൂവത്തുങ്കൽ പദ്മശ്രീ യേശുദാസിനോടൊപ്പം.

# പാടുന്ന അച്ചൻ

## റവ. ഡോ. പോൾ പൂവ്വത്തിങ്കൽ

**കർണ്ണാടക സംഗീതത്തിൽ ഇൻഡ്യയിൽ ആദ്യമായി ഡോക്ടറേറ്റ് കരസ്ഥമാക്കിയ വൈദികൻ.**

**ഡോ. കെ. ജെ. യേശുദാസിൻെറ ശിഷ്യൻ**

## ക്ലാസ്സിക്കൽ ഗാനത്തോടെ

## വിശുദ്ധ കുർബ്ബാന

## സംഗീത കച്ചേരി

## പ്രൊഫഷണൽ കലാകാരികളുടെ നൃത്തം

**2006 ജൂൺ 24 ശനിയാഴ്ച വൈകുന്നേരം 5:30 ന് താഫ്റ്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ.**

സംഘാടകർ: മേഴ്സി ഇടിയാലിൽ, ഗ്രേസി വാച്ചച്ചിറ, മേരി ആലുങ്കൽ

**Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.**


**RN Review**

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

**www.excelrn.com**

**Your Advt. Here**

**Century 21** REALTOR MLS
**Castles By King, Ltd.**
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730
**Lukose (Luke) K. Kalladanthyil**
Broker
*Each Office is Independently Owned and Operated*





**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS
JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.
YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out
Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

**CITYWIDE JMW REALTY INC.**
4313 W. Irwing Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee
EQUALHOUSINGLENDER



**COLDWELL BANKER**



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUALHOUSINGLENDER

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

